## പതിനാറാമതു ശ്രാദ്ധപ്പെരുന്നാൾ കൊണ്ടാടി



മലങ്കര സഭയുടെ പ്രകാശഗോപുരം, പുണ്യശ്ലോകനായ മോർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പതിനാറാമതു ശ്രാദ്ധപ്പെരുന്നാൾ ആഗസ്റ്റ് മാസം മുപ്പത്തിയൊന്നാം തീയതി കൊണ്ടാടുകയുണ്ടായി

**St. Peter Our Patron Saint**





**Our Patriarch**

**H.H. Moran Mor Ignatios Zakha I, of Antioch and All the East**

**Our Catholicos**

**H.B. Baselios Thomas I**





**Our Patriarchal Vicar H.G. Pathros Mor Osthatheos**

# Editorial



**ഏ**താനും മാസങ്ങൾക്കു മുൻപ് കേരളക്കരയിൽ കോളിളക്കം സൃഷ്ടിച്ച 2 കൊലപാതകങ്ങളായിരുന്നു ടി പി ചന്ദ്രശേഖരന്റേയും ബീഹാർ സ്വദേശി സത്നാംസിങ്ങിന്റേതും. ചന്ദ്രശേഖരന്റെ ദേഹത്ത് അൻപത്തിയൊന്നും സത്നാം സിങ്ങിന്റെ ദേഹത്ത് ഏഴുപത്തിയേഴും മുറിവികളുണ്ടായിരുന്നു എന്നത് ഞെട്ടലുളവാക്കി. നമ്മുടെ വാർത്താമാദ്ധ്യമങ്ങളിലൊക്കെയും നിറഞ്ഞു നിൽക്കുന്നത് പീഢനങ്ങളുടേയും കൊലപാതകങ്ങളുടേയും ഒക്കെ വിവരങ്ങളാണ്.

ഈ സാഹചര്യത്തിലാണ് നിങ്ങൾ ജീവനുള്ള ദൈവത്തിന്റെ മന്ദിരങ്ങളാണ് എന്ന തിരുവചനത്തിന് സാംഗത്യമേറുന്നത്. 1 കൊരിന്ത്യർ 6 ന്റെ 19, 20 വാക്യങ്ങളിൽ ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കൊരിന്ത്യ സഭയിലെ ദുഷ്പ്രവണതകൾക്കെതിരെ മനുഷ്യശരീരത്തിന്റെ ശ്രേഷ്ഠത വെളിവാക്കുകയാണ് വിശുദ്ധ പൗലോസ് ശ്ലീഹ. ദൈവം മനുഷ്യനെ തന്റെ ഛായയിലും സ്വരൂപത്തിലും സൃഷ്ടിച്ച് തന്റെ ആലയമാക്കി അവനിൽ വസിക്കുന്നു എന്ന അറിവ് മനുഷ്യ ശരീരത്തിന്റെ വിശുദ്ധിയും മഹത്വവും വ്യക്തമാക്കുന്നു. ദൈവത്തിന്റെ മന്ദിരം എന്നാൽ ദൈവം വസിക്കുന്ന ഇടം എന്നർത്ഥം. ശലോമോൻ രാജാവ് ജീവനുള്ള ദൈവത്തിന് ഒരു ആലയം പണിതതായി തിരുവചനത്തിൽ വായിക്കുന്നു.

സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവുമാകുന്നു, നിങ്ങൾ എനിക്കു ഒരുക്കുന്ന ആലയം ഏതാകുന്നു എന്റെ വിശ്രമസ്ഥലവും ഏത് എന്ന് യഹോവ അരുളിച്ചെയ്യുന്നുണ്ട്.

ജീവനുള്ള ദൈവം വസിക്കുന്നതും വസിക്കുവാൻ ആഗ്രഹിക്കുന്നതും ജീവനില്ലാത്ത മന്ദിരങ്ങളിലല്ല മറിച്ച് ജീവനുള്ള വിശ്വാസികളിലാണ് കൊലോസ്സ്യ ലേഖനം 1 : 27 ൽ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ വസിക്കുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധ മാമ്മൂദീസായിലൂടെ നാം ദൈവാത്മാവിന്റെ വാസസ്ഥലമായി രൂപാന്തരപ്പെടുകയാണ്. ആകയാൽ നാം ഈ ലോകത്തിൽ ദൈവത്തിന്റെ സാന്നിധ്യമായി മാറണം. ദൈവത്തിന്റെ ജീവനും സാദൃശ്യവും സാന്നിദ്ധ്യവുമായി പരിലസിക്കണം ഓരോ ക്രിസ്ത്യാനിയും. വിശുദ്ധ യോഹന്നാൻ 2: 19 ൽ ഈ മന്ദിരം പൊളിപ്പീൻ ഞാൻ മൂന്നു ദിവസത്തിനകം, അതിനെ പണിയും എന്നു കർത്താവു പറഞ്ഞപ്പോൾ തന്റെ ശരീരം ദൈവാലയമാണ് എന്ന് കർത്താവ് സാക്ഷിക്കുകയായിരുന്നു. ദൈവത്തിന്റെ ആലയത്തിൽ എപ്പോഴും ദൈവസാന്നിധ്യവും തേജ്ജസ്സും ഉണ്ടായിരിക്കുന്നതു പോലെ നമ്മിൽ ദൈവത്തിന്റെ സാന്നിദ്ധ്യവും തേജസ്സും നാം ഉറപ്പാക്കണം. ദൈവത്തിന്റെ ആലയം എപ്രകാരം വിശുദ്ധമായിരിക്കണമോ അപ്രകാരം നമ്മുടെ ശരീരങ്ങളും വിശുദ്ധമായി സൂക്ഷിക്കണം.

അശുദ്ധമായതൊന്നും ശരീരത്തിലേയ്ക്കു പ്രവേശിക്കാതേയും ശരീരത്തിൽ നിന്നും പുറപ്പെടാതേയും കാത്തു സൂക്ഷിക്കണം. 1 തെസ്സലോനൊക്ക്യർ 4:3 ൽ ദൈവത്തിൻെറ ഇഷ്ടമൊ നിങ്ങളുടെ ശുദ്ധീകരണം തന്നെ എന്നും 4:7 ൽ ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനത്രേ വിളിച്ചത് എന്നു നാം വായിക്കുന്നു. ദൈവാലയം ആരാധിപ്പാനുള്ളതാകയാൽ നമ്മുടെ ശരീരമാകുന്ന ദൈവാലയത്തിൽ നിന്നും സ്തുതിയും സ്തോത്രവും സത്യത്തിലും ആത്മാവിലുമുള്ള ആരാധനയും ഉയരണം. റോമർ 12:1 ലൂടെ നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ. എന്നു വിശുദ്ധ പൗലോസ്സ് ശ്ലീഹ ആഹ്വാനം ചെയ്യുന്നു,. നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലുമല്ല യെരുശലേമിലുമല്ല എന്നുള്ള നാഴിക വരുന്നു എന്ന് ശമ്രര്യാക്കാരി സ്ത്രീയോട് പറഞ്ഞ കർത്താവ്, ദൈവം ആത്മാവാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം എന്നു കൂടി കൂട്ടി ചേർത്തത് ശ്രദ്ധേയമാണ്.

ദൈവാലയവുമായി ബന്ധപ്പെടുന്നവരൊക്കെയും ആരാധനയിലൂടെ വിശുദ്ധിയിലേയ്ക്കും വിശുദ്ധനായ ദൈവത്തിലേയ്ക്കും ആനയിക്കപ്പെടുന്നതുപോലെ നമ്മോടു ബന്ധപ്പെടുന്നവരെ ഒക്കെ വിശുദ്ധിയിലേയ്ക്കും ദൈവത്തിലേയ്ക്കും ക്ഷണിക്കുവാൻ ``നമുക്ക് കഴിയണം. നാം ജീവനുള്ള ദൈവത്തിൻെറ ആലയങ്ങളാണെന്ന തിരിച്ചറിവ് കൂടുതൽ വിശുദ്ധിയിൽ ജീവിക്കുവാനും മറ്റുള്ളവരേയും ദൈവാലയങ്ങളായി കണ്ട് ആദരിക്കുവാനും ബഹുമാനിക്കുവാനും നമ്മെ നിർബന്ധിക്കുന്നതാണ്. വചനിപ്പിലൂടെ പരിശുദ്ധാത്മാവ് കൊണ്ട് നിറയുകയും ദൈവപുത്രനെ ഉദരത്തിൽ വസിക്കുകയും ചെയ്ത പരിശുദ്ധ കന്യകമറിയം യഥാർത്ഥത്തിൽ ജീവനുള്ള ദൈവാലയമായി തീരുകയായിരുന്നു. ഉള്ളത്തിലും ഉദരത്തിലും ക്രിസ്തുവിനെ വഹിച്ച ജീവനുള്ള ദൈവത്തിൻെറ ആലയമായ മറിയം യഹൂദ്യ മലനാട്ടിലേയ്ക്ക് ബദ്ധപ്പെട്ട് ഓടിച്ചെന്ന് ഏലിസബേത്തിനേയും ഉദരഫലത്തേയും പരിശുദ്ധാത്മാവു കൊണ്ട് നിറച്ചതു പോലെ ജീവനുള്ള ദൈവത്തിൻെറ ആലയങ്ങളായി സമൂഹത്തെ വിശുദ്ധീകരിക്കേണ്ട ദൗത്യം നമുക്കുണ്ട്. നമ്മെ തന്നെ ജീവനുള്ള ദൈവത്തിൻെറ ആലയങ്ങളായി തിരിച്ചറിഞ്ഞ് വിശുദ്ധിയിൽ സൂക്ഷിക്കുവാനും മറ്റുള്ളവരിൽ പരനെ ദർശിച്ച് ആദരിക്കുവാനും സാധിക്കുന്ന ക്രിസ്തീയ ദർശനത്തിലേയ്ക്ക് ദൈവത്തിൻെറ പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തട്ടെ എന്ന ആശംസയോടെ

സ്നേഹപൂർവ്വം,

ക്രിസ്തുവിൽ നിങ്ങളുടെ

ബെന്നി അച്ചൻ



















Our Library now have a new and great look with the magical touch of Mr. C.T. Varghese (Ponnachan). Congratulations to all who put their effort to give the Library this wonderful look. The all new look library was re-dedicated on 07.09.2012 by our Vicar Fr. Benny Abraham.






# MEMBERS WELFARE SCHEME 2012 ~ CHURCH PLANS A GALA DINNER NIGHT

IN SUPPORT OF THE 'MEMBERS WELFARE SCHEME' (AN INSURANCE SCHEME DESIGNED FOR OUR MEMBERS IN 2012 BUDGET) OUR CHURCH IS PLANNING TO CONDUCT A GRAND GALA DINNER NIGHT & MEMBERS GET-TOGETHER ON FRIDAY, 23RD NOVEMBER 2012, AT INDIAN SCHOOL AUDITORIUM. THE FUN FILLED DAY WILL BE AN ENTERTAINMENT FOR ALL, WITH VARIOUS CULTURAL PROGRAMMES AND A GRAND BUFFET DINNER.

THE SUNDAY SCHOOL CHILDREN AND AREA UNITS WILL PLAY AN IMPORTANT ROLE IN PROVIDING QUALITY ENTERTAINMENT FOR THE AUDIENCE ON THIS DAY. THE SUNDAY SCHOOL CHILDREN WILL PROVIDE VARIOUS DANCE FORMATS AND THE 12 AREA UNITS ARE GROUPED INTO FOUR GROUPS TO ARRANGE OTHER FORMS OF CULTURAL PROGRAMMES. 600 RAFFLE COUPONS WILL BE SOLD TO OUR MEMBERS FOR COLLECTING FINANCIAL SUPPORT FOR THE INSURANCE SCHEME, WITH GOLD BARS AS ITS PRIZES.

ALL OUR MEMBERS ARE REQUESTED TO FULLY SUPPORT AND CO-OPERATE WITH THE MANAGING COMMITTEE AND AREA COORDINATORS FOR THE SUCCESS OF THE PROGRAMME.

CHEV. THOMAS ABRAHAM
HON. SECRETARY




**ON 05.10.2012 FRIDAY**
**AT ADHARI GARDEN**

# സുറിയാനി സഭയും കേരളത്തിലെ വിദ്യാഭ്യാസവും

കേരളം ഒരു ഭ്രാന്താലയമെന്ന് ശ്രീ. വിവേകാനന്ദൻ പറഞ്ഞത് വെറുതെയല്ല. തീണ്ടലും, തൊടീലും, അയിത്തവും, അനാചാരങ്ങളും, ദാരിദ്ര്യവും, നിരക്ഷരതയും എല്ലാം ചേർന്ന് കേരളത്തെ ഒരു ഭ്രാന്താലയമാക്കിയുരുന്നു. ഇന്ന് പല മേഖലകളിലും വികസിതരാജ്യങ്ങളോടൊപ്പം നിൽക്കുന്ന കേരളത്തിന്റെ സാമ്പത്തിക സാംസ്കാരിക മുന്നേററത്തിൽ യാക്കോ-ബായ സുറിയാനി സഭയും ഇതര ക്രൈസ്തവ സഭകളും വഹിച്ച പങ്ക് സ്തുത്യർഹമാണ്.

## വിദ്യാഭ്യാസരംഗം

ലോകചരിത്രത്തിൽ അന്യാദൃശമായ ഒരു സംഭവമായിരുന്ന പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസിയോസ് ആരംഭിച്ച് ചേപ്പാട് മാർ ദീവന്നാസിയോസ് വളർത്തിയെടുത്ത വിദ്യാഭ്യാസസംരംഭം. കേരള ചരിത്രത്തിന്റെ ഗതിവിഗതികളെ മാററി മറിച്ച ഒന്നായിരുന്നു. 1815 ൽ ആരംഭിച്ച ഈ വിപ്ലവം, അർത്ഥം മനസ്സിലാക്കാതെ വേദമന്ത്രങ്ങൾ ഹൃദിസ്ഥമാക്കുന്ന ബ്രാഹ്മണരുടെ വേദപഠനം, വൈദികരുടെ സുറിയാനി പഠനം, പാരമ്പര്യ വൈദ്യകുടുംബങ്ങളിൽ വൈദ്യപഠനം അപൂർവ്വം സമ്പന്ന കുടുംബങ്ങളിൽ ഭാഷാപഠനം ഇതായിരുന്നു കേരളത്തിലെ വിദ്യാഭ്യാസം.

സ്കൂൾ പഠനം കഴിഞ്ഞാണ് എല്ലാവരും കോളേജിൽ പോകുന്നത്. എന്നാൽ കേരളത്തിൽ സ്കൂളല്ല കോളേജാണ് ആദ്യം ഉണ്ടായത്.

1815 ൽ സമാനതകളില്ലാത്ത ഒരു വിദ്യാഭ്യാസ വിപ്ലവത്തിനു തുടക്കം കുറിച്ചുകൊണ്ട് കേരളത്തിലെ ആദ്യത്തെ കോളേജ് യാക്കോബായ സുറിയാനി സഭ ആരംഭിച്ചു. തിരുവിതാംകൂർ റസിഡന്റായിരുന്ന കേണൽ മൺറോയുടെ താൽപര്യപ്രകാരം റാണി ലക്ഷ്മിഭായി മീനച്ചിലാറിന്റെ തീരത്ത് കോളേജ് പണിയുന്നതിനാവശ്യമായ സ്ഥലവും, തടിയും, 500 രൂപയും നൽകി. സഭ ഈസ്റ്റിന്ത്യ കമ്പനിയിൽ നിക്ഷേപിച്ചിരുന്ന വട്ടിപ്പണത്തിന്റെ (10,500 രൂപ) നാലു വർഷത്തെ പലിശ 3860 രൂപ കൊണ്ടാണ പണി ആരംഭിച്ചത്. ഏഴാം മാർത്തോമ്മയായിരുന്നു അന്ന് സഭ ഭരിച്ചിരുന്നത്. 1815 ൽ യൗസേഫ് മാർ ദിവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായ ഇട്ടൂപ്പ് റമ്പാന്റെ നേതൃത്വത്തിൽ പണി മിക്കവാറും പൂർത്തീകരിച്ച് ക്ലാസ്സുകൾ ആരംഭിച്ചു. 25 വിദ്യാർത്ഥികളെ ചേർത്ത് വൈദികകോളേജ് ആയിട്ടാണ് ഇത് ആരംഭിച്ചത്.

1818-ൽ എങ്കിലും ഇത് മററു വിഷയങ്ങൾ കൂടി പഠിപ്പിക്കുന്ന കോളേജ് ആയി ഉയർന്നു. അന്നുണ്ടായിരുന്ന 40 വിദ്യാർത്ഥികളിൽ ഏതാണ്ട് പകുതി മാത്രമായിരുന്നു വൈദികവിദ്യാർത്ഥികൾ. സുറിയാനി, ഗ്രീക്ക്, ഹിബ്രു, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളും, കണക്ക്, ശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങളും പഠിപ്പിച്ചിരുന്നു, മോശ ഇസാർഫതി എന്നൊരു കൊച്ചിക്കാരൻ യഹൂദനാണ് അന്ന് ഗ്രീക്കും, ഹിബ്രുവും പഠിപ്പിച്ചിരുന്നത്.

താമസവും, ഭക്ഷണവും എല്ലാവർക്കും സൗജന്യമായിരുന്നു. ഭക്ഷണത്തിനു മാത്രം ഒരു മാസം 75 രൂപ ചിലവ് വന്നിരുന്നു. എന്നാൽ മിഷനറിമാരും, തിരുവിതാംകൂർ റാണിയും ഈ വിദ്യാഭ്യാസ മുന്നേററത്തെ അകമഴിഞ്ഞ് സഹായിച്ചു. 1827 ൽ ചാപ്പൽ പണിയുന്നതിന് ആയിരം രൂപയും, തുടർന്ന് കോളേജിനായി 20,000 രൂപയും റാണി സംഭാവന നൽകി. പുലിക്കോട്ടിൽ ദിവന്നാസിയോസിനെ തുടർന്ന് സ്ഥാനമേററ പുന്നത്ര മാർ ദിവന്നാസിയോസ് ഒരു വിദ്യാഭ്യാസ വിപ്ലവം തന്നെ ആരംഭിച്ചു. അന്ന് സഭക്കുണ്ടായിരുന്ന 55 ദേവാലയങ്ങളോട നുബന്ധിച്ചും സ്കൂളുകൾ ആരംഭിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. സ്കൂൾ എന്നൊരു സങ്കൽപം പോലും അന്നുണ്ടായിരുന്നില്ല. ഒരു പള്ളിക്കും അതിനു തക്ക വരുമാനവുമുണ്ടായിരുന്നില്ല. അക്ഷരാ ഭ്യാസമുള്ള അത്രയും സുറിയാനിക്കാരെ അദ്ധ്യാപകരായി നിയമിക്കാൻ പോലും ലഭിച്ചില്ല. എന്നാൽ മിഷനറിമാരുടെ പിന്തുണയോടുകൂടി ഏറെറടുത്ത വിദ്യാ ഭ്യാസസംരംഭം അദ്ദേഹം മുന്നോട്ടു കൊണ്ടു പോയി. വിദ്യാഭ്യാസമുള്ള ക്രിസ്ത്യാനികളെ കിട്ടാത്തതിനാൽ പകുതിയിലധികം പേരെ നായർ സമുദായത്തിൽ നിന്നും നിയമിച്ചിട്ടായിരുന്നു മോർ ദിവന്നാസിയോ സ് വിദ്യാഭ്യാസസംരംഭം മുന്നോട്ട് കൊണ്ട് പോയത്.

എല്ലാ ദൈവാലയങ്ങളോടനുബന്ധിച്ചും സ്കൂളുകൾ ആരംഭിക്കണമെന്നും അദ്ധ്യാപകർക്ക് അഞ്ചു രൂപാ വീതം ശമ്പളം നൽകണമെന്നും കാണിച്ച് പുന്നത്ര മോർ ദീവന്നാസിയോസ് കൽപന അയച്ചു.

1819 - ൽ 10 ദേവാലയങ്ങളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ ആരംഭിച്ചു, പള്ളികളുടെ പേരും വിദ്യാർത്ഥികളുടെ എണ്ണവും താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| 1. | കോട്ടയം | 53 |
| 2. | മൺറോതുരുത്ത് | 25 |
| 3. | മുളന്തുരുത്തി | 22 |
| 4. | നിരണം | 30 |
| 5. | ചെങ്ങന്നൂർ | 29 |
| 6. | തുമ്പമൺ | 40 |
| 7. | കണ്ടനാട് | 20 |
| 8. | മണർകാട് | 17 |
| 9. | മാവേലിക്കര | 17 |
| 10. | പുതുപ്പള്ളി | ലഭ്യമല്ല |

1821 ൽ 35 പള്ളിക്കൂടങ്ങൾ ആയി വർദ്ധിച്ചു, അടുത്ത വർഷം എണ്ണം അൻപതായി. പിന്നീട് അൻപത്തിഒന്നായി. അങ്ങനെ വെറു അഞ്ചു വർഷം കൊണ്ട് നാലു ദേവാലയങ്ങളൊഴികെ ബാക്കി 51 ദേവാലയങ്ങളിലും പള്ളിക്കൂടങ്ങൾ ആരംഭിച്ചു. ഇതു പോലെ ഒരു സഭയിലെ എല്ലാ ദേവാലയങ്ങളോടും ചേർന്ന് സ്കൂളുകൾ ആരംഭിക്കുക എന്നത് ചരിത്രത്തിൽ വേറെ ഒരിടത്തുമുണ്ടായിട്ടില്ലാത്ത കാര്യമാണ്.


പിന്നീട് പാലക്കുന്നത്ത് അത്താനാസ്യോ സിന്റെ കാലത്തുണ്ടായ കലുഷിതമായ അന്തരീക്ഷത്തിൽ പല ഇടവകകളും വിദ്യാലയങ്ങൾ നിറുത്തൽ ചെയ്തു. കത്തോലിക്കാ സഭയും പല സവർണ്ണ ഹിന്ദുക്കളും മുസ്ലീങ്ങളും ആളുകളെ സ്കൂളുകളിൽ പോകുന്നതിൽ നിന്ന് പിന്തിരിപ്പിച്ചെങ്കിലും ആദ്യം അവർണ്ണ ഹിന്ദുക്കളും, പിന്നീട് കത്തോലിക്കരും, സവർണ്ണഹിന്ദുക്കളും വിദ്യാഭ്യാസത്തിനായി മുന്നിലേക്ക് വന്നു.

കോളേജ് കാലാന്തരത്തിൽ പഴയ സെമിനാരി CMS കോളേജ് എന്നിങ്ങനെ രണ്ടു സ്ഥാപനങ്ങളായി വളർന്നു. ആദ്യം ആരംഭിച്ച 50 വിദ്യാലയങ്ങളുടെ പേരു വിവരം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥലം | അദ്ധ്യാപകൻ | കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1. | അങ്കമാലി | വർക്കി | 15 |
| 2. | അകപ്പറമ്പ് | പൗലോ | 16 |
| 3. | കല്ലിശ്ശേരി | Immonen | 18 |
| 4. | തിരുവല്ല | ==== | 18 |
| 5. | കല്ലുങ്കത്തറ | ഇട്ടി | === |
| 6. | കല്ലൂപ്പാറ | കൃഷ്ണൻ | 25 |
| 7. | കണ്ടനാട് | കൃഷ്ണൻ | 40 |
| 8. | കണ്ണങ്കോട്ട | യാക്കോബ് | 19 |
| 9. | കരിങ്ങാച്ചിറ | ഇസഹാക്ക് | 22 |
| 10. | കാർത്തികപ്പള്ളി | നാരായണൻ | 40 |
| 11. | കടമ്പനാട് | കണ്ണൻ | 19 |
| 12. | കായംകുളം | ശങ്കരൻ | 21 |
| 13. | ചെങ്ങന്നൂർ | ഗോവിന്ദൻ | 34 |
| 14. | ചാത്തന്നൂർ | യാക്കോബ് | 46 |
| 15. | ചേപ്പാട് | Plyanaben | 46 |
| 16. | കോലഞ്ചേരി | യാക്കോബ് | 15 |
| 17. | കോതമംഗലം | രാമൻ | 23 |
| 18. | കോഴഞ്ചേരി | രാമൻ | 40 |
| 19. | കൊട്ടാരക്കര | രാമൻ | 29 |
| 20. | കൊട്ടരക്കരവില്ലേജ് | നാരായണൻ | 16 |
| 21. | കോട്ടയം | കൃഷ്ണൻ | 36 |
| 22. | കണ്ണങ്കുളങ്ങര | ഗോവിന്ദൻ, ദാവീദ് | 125 |
| 23. | കുണ്ടറ | കേശവൻ | 50 |
| 24. | Cunacuruta | ഇട്ടിവാണി | 23 |
| 25. | കുറിഞ്ഞി | വറുഗീസ് | 40 |
| 26. | കുറുപ്പംപടി | പൗലോസ് | 28 |
| 27. | ഇലന്തൂർ | ഇട്ടിക്കാളി | 16 |
| 28. | Ebatott | ഗോവിന്ദൻ | 21 |
| 29. | Kani | കാളി | 23 |
| 30. | മാമലശ്ശേരി | ഇട്ടിക്കാളി | 17 |
| 31. | മണർകാട് | ശങ്കരൻ | 12 |
| 32. | മാരാമണ്ണ് | മാരൻ | 24 |
| 33. | മാവേലിക്കര | ഗോവിന്ദൻ | 36 |

*(Cont'd..... Page No. 13)*

# Are You Bible Literate?
## Bible Crossword # 8 (October 2012)



Leela Alexander

**ACROSS**

**2** Which leper's plea for a cure caused the king to tear his clothes?
**4** Who wore sackcloth when he heard Joseph had died?
**6** Who tore his clothes when Elijah was taken to heaven?
**8** Who rent his clothes when he heard Absalom had taken revenge on Amnon?
**9** Which judge tore his clothing when his hasty words came back to haunt him?
**10** Which prophet in Babylon wore sackcloth while seeking the Lord?
**13** Which queen tore her clothes when she was put out of power by Jehoidah the priest?
**14** Who tore his clothes when he heard his sons and daughters had all died at once?
**15** Which man's assassination caused 80 men to come to Jerusalem with torn clothes ?

**DOWN**

**1** One of the two men who tore their clothes when people murmered against the lord about going to Canaan?
**3** Who put on sackcloth when he learned of a government plan to wipe out the jews.
**5** Which pagan city wore sackcloth as a sign of repentance?
**7** Which friend of David , loyal during Absalom's rebellion met David with a torn robe and ashes on his head?
**11** Which king was confronted by prophet who had disguised himself with ashes?
**12** Which apostle tore his clothes when people of Lystra began to worship him as God?

This is the eighth in the series of Bible crossword puzzles for 2012. All the clues are about sackcloth, ashes and rending (tearing) of clothes mentioned in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 7 days after the release of the newsletter.

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is
ocalex@batelco.com.bh, ocalexleela@gmail.com

Useful References: Job 1, 2Kings11, Acts 14, Judges 11, Numbers 14, 2Samuel 13, Jeremiah 41, 2Kings 5, 2Samuel 15, 2Kings 2, Jonah 3, Genesis 37, Daniel 9, 1Kings 20, Esther 4.

**Solution to Bible Crossword September 2012**

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | C | L | A | U | D | I | U | S |
| | | | | | | | | B | | | | | O |
| | | | J | | | M | O | S | E | S | | | L |
| | | S | A | U | L | | | A | | | J | | O |
| | | | C | | | A | | L | | | E | | M |
| Z | | | O | | | H | | O | | | Z | | O |
| E | | | B | A | L | A | A | M | | | E | | N |
| C | | | | T | | B | | | J | | B | | |
| H | | | | H | | | | J | O | S | E | P | H |
| A | B | I | G | A | I | L | | | S | | L | | |
| R | | | | L | | | | | H | | | | |
| I | | | | I | | | | | U | | | | |
| A | | | | A | B | R | A | H | A | M | | | |
| H | | | | H | | | | | | | | | |

**Winners of Bible Crossword Sept. 2012**

Acsah Elizabeth Abraham
Akhil Basil Paulose
Aneena Mary Abraham
Anjana Mariam Roy
Anju Paulose
Athira Sabu
Chithira Sabu
Christin Paul
Christy Mary Thomas
Dan Abraham
Elaine Agith
Erqin Mary Mathew

Flemy P. Eby
Irene Elizabeth Mathew
Jeeba Chinnu Biju
Jibu Joseph Biju
Johann Agith
Kamal Baby Paul
Liya Sara Joseph
Mahal Mani Ulahannan
Merin Mary Basil
Merlin Mary Basil
Milan Mani Mathew
Sebine Scaria
Serene Scaria
Sharon Paul Alucka
Sherin Susan Isaac
Shruti Ann Isaac
Sofia C. Paul
Sonu Daniel Sam
Tinu Daniel Sam

**Congratulations**

***Leela Alexander***

## ക്വിസ്സ് നമ്പർ 7
## (യോശുവ 1 മുതൽ 12 വരെ)

1. യോശുവ യിസ്രായേലിനു ഗോത്ര വിഭാഗപ്രകാരം അവകാശമായി കൊടുക്കുകയും ജയിച്ചടക്കുകയും ചെയ്ത ദേശത്തിലെ രാജാക്കന്മാർ എത്ര?
2. രാഹാബ് ഒററുകാരെ ഒളിപ്പിച്ചത് എവിടെ?
3. ശപഥാർപ്പിത വസ്തുവോടു കൂടെ പിടിക്കപ്പെടുന്നവനെയും അവനുള്ള സകലത്തെയും എന്തു ചെയ്യേണം എന്നാണ് യഹോവ കൽപ്പിച്ചത്?
4. ദേശം കൈവശമാക്കുവാൻ നിങ്ങൾ മൂന്നു ദിവസം കഴിഞ്ഞിട്ട് യോർദ്ദാനക്കരെ കടക്കേണ്ടതാകയാൽ എന്തു ഒരുക്കിക്കൊള്ളുവാനാണ് കൽപ്പിച്ചത്?
5. യോശുവ അനാക്യരെ നിർമ്മൂലമാക്കിയപ്പോൾ ഏതെല്ലാം മൂന്ന് പട്ടണങ്ങളിലാണ് അവർ ശേഷിച്ചത്?
6. "നിങ്ങൾ ആർ? എവിടെ നിന്നു വരുന്നു" ആർ ആരോടു ചോദിച്ചു?
7. യഹോവയുടെ നിയമപെട്ടകവും യിസ്രായേൽ ജനവും തമ്മിലുണ്ടായിരിക്കേണ്ട അകലം എത്ര?
8. യിസ്രായേൽ മക്കൾ എത്ര പ്രാവശ്യം യെരിഹോ പട്ടണം ചുററി നടന്നു?
9. പുറകോട്ടു നോക്കിയപ്പോൾ പട്ടണത്തിലെ പുക ആകാശത്തേക്കു പൊങ്ങുന്നതു ഏതു പട്ടണക്കാരാണ് കണ്ടത്?
10. എന്നാണ് യിസ്രായേൽ ജനം യോർദ്ദാനിൽ നിന്നു കയറി ഗിൽഗാലിൽ പാളയം ഇറങ്ങിയത്?
11. യഹോവ ആകാശത്തിൽ നിന്നു കൽമഴ പെയ്യിച്ചു അമോര്യരെ കൊന്നതെവിടെ വെച്ച്?
12. മന്ന നിന്നു പോയ ആണ്ടിൽ യിസ്രായേൽ മക്കൾ ഉപജീവിതം കഴിച്ചതെന്തുകൊണ്ട്?
13. ആഖാന്റെ ഗോത്രം ഏത്?
14. ലാഖീശിനെ സഹായിക്കാൻ വന്ന ഗേസെർ രാജാവ്?
15. പരാക്രമശാലികളായ എത്ര പേരെയാണ് യോശുവ ഹായി പട്ടണത്തിന്റെ പിൻഭാഗത്തു പതിയിരിക്കാനായി രാത്രിയിലയച്ചത്?



## APOSTOLIC VISIT OF OUR HOLY FATHER, PATRIARCH OF ANTIOCH AND ALL THE EAST

On behalf of our Church the M.C. member Mr. Jaison K. visited our Partriarch H.H. Moran Mar Ignatius Zaka I Iwas, during Bava's Apostolic visit to Kuwait and conveyed our love and prayers for the Supreme Leader.

## ക്വിസ്സ് നമ്പർ 6
## ഉത്തരങ്ങൾ

(യിരെമ്യാവ് 41 മുതൽ 52 വരെ)

1. ബാരൂക്കിനെക്കുറിച്ച് (45: 5)
2. യഹോവ (51: 19)
3. തഹ്പനേസിൽ ഫറവോന്റെ അരമനയുടെ പടിക്കലുള്ള കളത്തിലെ കളിമണ്ണിൽ (43: 8,9)
4. ഏലാമിന്റെ (49: 36)
5. നെബൂസർ ആദാൻ (52: 12, 13)
6. യിശ്മായേലിനോടു കൂടെ (41: 13)
7. ഗസ്സ (47: 5)
8. സിദെക്കിയാവ് (52: 9, 10)
9. നെബൂഖദ്നേസർ (46: 18)
10. സെരായാവ് (51: 63, 64)
11. ലൂഹീതിയിലേയ്ക്കുള്ള കയററം (48: 5)
12. മെറാഥയിം (50: 21)
13. കെമോശിങ്കൽ (48: 13)
14. യെഹോയാഖീൻ (52: 34)
15. ഏദോമിന്റെ (49: 21)

## ക്വിസ്സ് നമ്പർ 6
## വിജയികൾ

Aleyamma Thomas
Aneena Mary Abraham
Anju Paulose
Bisy Eby
Blessy Prajeesh
Christy Mariam Reji
Elsy Abraham\
Giley Susan Mathew
Jean Sara Agith
Jessy Biju
Joji Susan Mani
Lali Chandy Joshua
Lissy Sunil
Mercy Abraham
Moly Baby
Rini Mathew
Sezil Baby
Shaiby Baby
Shelby Jacob
Zibi Benny



അഭിനന്ദനങ്ങൾ
ഉഷ അച്ചൻകുഞ്ഞ്

## COTTAGE PRAYER MEETING

**Cottage Prayer Meeting for October, 2012 will be on 26th October at the residence of Mr. Paul Varghese from 7.30 P.M.**

*Congratulations to*



Newly Wedded Couple Mr. Gijo Rajan & Mrs. Jincy Gijo. May God bless them with Happy, prosperous and long married life.

| | | | |
|---|---|---|---|
| 34. | മൺറോതുരുത്ത് | ഗോവിന്ദൻ | 27 |
| 35. | മുളന്തുരുത്തി | ഗോവിന്ദൻ | 19 |
| 36. | നടമേൽ (തൃപ്പൂണിത്തുറ) | ഗോവിന്ദൻ | 25 |
| 37. | നെച്ചൂർ | ഇട്ട്യേര | 17 |
| 38. | നെടുമ്പുറം | വർക്കി | 16 |
| 39. | ഓമല്ലൂർ | രാമൻ | 22 |
| 40. | പള്ളിക്കര | ഇട്ടി | 17 |
| 41. | Parenyel | അച്ചുതൻ | 35 |
| 42. | പുതുപ്പള്ളി | രാമൻ | 24 |
| 43. | പുത്തൻകാവ് | നാരായണൻ | 43 |
| 44. | പിറവം | യോഹന്നാൻ | 5 |
| 45. | ചെറായി | രാമൻ | 20 |
| 46. | Teruvancott | ഗീവറുഗീസ് | 26 |
| 47. | തിവല്ല | രാമൻ | 30 |
| 48. | തുമ്പമൺ | ഗീവറുഗീസ് | 15 |
| 49. | വെനിഡ | ഗോവിന്ദൻ | 14 |
| 50. | വെൺമണി | ചാണ്ടി | 28 |

യാക്കോബായ സഭ പഠിപ്പിച്ച യാക്കോബായക്കാരും നായന്മാരുമായ ഈ 1400 കുട്ടികളാണ് കേരളത്തിലെ ആദ്യത്തെ വിദ്യാസമ്പന്നർ (കല്ലുങ്കത്തറ സ്കൂളിലെ എണ്ണം കൂടാതെയാണ് 1384 പേർ).

യാക്കോബായ സഭ വെട്ടിത്തെളിച്ച പാതയിലൂടെ പിന്നീട് കേരളത്തിലെ എല്ലാ സമുദായങ്ങളും മുന്നേറി. നൂററാണ്ടുകൾ നീണ്ടു നിൽക്കുന്ന ഫലം ഈ സംരംഭം കേരളത്തിലുണ്ടാക്കി.

ഈ വിദ്യാഭ്യാസ വിപ്ലവമാണ് ഭ്രാന്താലയ മായിരുന്ന കേരളത്തെ സാക്ഷരതയിലും സംസ്കാരത്തിലും ഏററവും മുന്നിലെത്തി ച്ചത്. തുടർന്നു വന്ന കാലത്ത് കേരളത്തിന്റെ സാംസ്കാരിക വിപ്ലവത്തിനു നേതൃത്വം കൊടുത്ത പലരും വിദ്യാഭ്യാസപ്രവർത്തകരോ ഈ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പഠനം നടത്തിയവരോ ആണ്.

ഈ വിദ്യാഭ്യാസ പശ്ചാത്തലമുണ്ടായിരു ന്നില്ലെങ്കിൽ അയിത്തോച്ചോടനം, സ്ത്രീകളുടെ മാറു മറക്കാനുള്ള അവകാശം തുടങ്ങിയ കാര്യങ്ങളിൽ കേരളം ഇത്രവേഗം മുന്നോട്ടു പോകുമായിരുന്നില്ല. മററു സംസ്ഥാന ങ്ങളുമായി തട്ടിച്ചു നോക്കുമ്പോഴാണ് ഈ വിദ്യാഭ്യാസം എങ്ങനെ അതിശക്തമായ ഒരു പരിവർത്തന ത്വരകമായി വർത്തിച്ചുവെന്ന് മനസ്സിലാവുക.

വ്യവസായങ്ങളൊ വൻ മുതൽമുടക്കെ വിഭവശേഷിയോ ഇല്ലാതെ ജീവിത നിലവാര ത്തിൽ മുന്നിലെത്തിയവരാണ് മലയാളികൾ. ഗൾഫിലെ മണലാരണ്യങ്ങളിലും പാശ്ചാത്യരാജ്യ ങ്ങളിലെ ആശുപത്രികളിലും, ഫാക്ടറികളിലും വീണ വിയർപ്പുതുള്ളികളാണ് പട്ടിണിയിൽ നിന്ന് സമൃദ്ധിയിലേക്ക് കേരളത്തെ ഉയർത്തിയത്. വിദ്യാഭ്യാസം നേടി നേഴ്സുമാ രായവരാണ് ജർമൻ മാർക്കും, അമേരിക്കൻ ഡോളറുമെല്ലാം ആദ്യം ഇന്ത്യയിലെത്തിച്ചത്.

ഈ വരുമാനം കൃഷിയേയും, കെട്ടിട നിർമ്മാണത്തേയും വിദ്യാഭ്യാസത്തേയു വളർത്തി, അതെല്ലാ രംഗങ്ങളിലും പ്രതിഫലിച്ചു, ജീവിതനിലവാരം സാവധാനം ഉയർന്നു. തുടർന്ന് ഗൾഫ്, ഇംഗ്ലണ്ട്, അയർലന്റ്, ഓസ്ട്രേലിയ, ക്യാനഡ = പുതിയ വാതായനങ്ങൾ തുറന്നു. കേരളത്തിലേക്ക് പണമെത്തിച്ച് ആദ്യ ഗൾഫ് മലയാളികളിൽ പെട്ടവരാണല്ലോ ബഹറിൻ മലയാളികൾ. വിദേശത്തു വീണ ഓരോ തുള്ളി വിയർപ്പും കേരളത്തെ ഓരോപടി മുന്നിലേക്കുയർത്തി. ഏററവും വിദേശനാണ്യമെത്തിക്കുന്ന ഗൾഫ് മലയാളികളോടു തന്നെ കേരളം ഈ വളർച്ചക്ക് ഏററവും കടപ്പെട്ടിരിക്കുന്നു. ഈ വളർച്ചക്ക് വഴിയൊരുക്കിയ ഓരോ മലയാളിയും എപ്പോഴെങ്കിലും ഒരു ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനത്തിലൊ കുറഞ്ഞപക്ഷം ക്രൈസ്തവ അദ്ധ്യാപകരുടെ കീഴിലെങ്കിലുമോ പഠിച്ച വരാണ്. 197 വർഷം മുൻപ് യാക്കോബായ സുറിയാനിസഭ നട്ട വിദ്യാഭ്യാസ വൃഷം ഇന്നും നിറഞ്ഞ് ഫലം കായ്ച്ചുകൊണ്ടിരിക്കുന്നു. ഈ വിദ്യാഭ്യാസ വിപ്ലവത്തിന്റെ രണ്ടാം ശദാബ്ദി ആരെങ്കിലും ആചരിക്കുമോ ആവോ? അതിനവകാശികളും അധികാര കളും നമ്മൾ തന്നെയാണ്. ആ വഴിക്ക് നമുക്ക് ചിന്തിക്കാം.



ഷിബു ചെറിയാൻ അച്ചൻ
വൈദീക സെമിനാരി










Social Service League organized Aurvedic Medical Camp in co-operation with the Vaidyaratnam Ayurvedic Medical Centre on 21st September, 2012 after Holy Qurbana at Al Hassanain Company's cam at Ma'ameer.







## KCEC Bible Quiz Competition

KCEC conducted the Bible Quiz Competition on 28th September, 2012 Friday from 2 PM to 5.30 PM. Our Church participated and won third prize. Congratulations to Mrs. Shelby Jacob, Mrs. Moly Baby, Mrs. Bindu Anson and Mrs. Sanu Peter.







## Tri-Mass on 21.09.2012



## അനുശോചന സന്ദേശങ്ങൾ

ശ്രീ. ആൻസൻ പി. ഐസക്കിന്റെ വല്യമ്മ കർത്താവിൽ നിദ്ര പ്രാപിച്ചു.

ശ്രീ. സജി മത്തായിയുടെ ഭാര്യാമാതാവിന്റെ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.

സന്തപ്ത കുടുംബാംഗങ്ങളോടുള്ള ഇടവകയുടെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതാത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു

## അനുമോദനങ്ങൾ

ശ്രീ. ബൈജു മത്തായി ജൂലി വർഗ്ഗീസ് ദമ്പതികൾക്ക് ഒരു ആൺ കുട്ടിയുണ്ടായി

ചെറിയാൻ പി. എം. ന്റെ മകൾ റീജ മറിയയ്ക്ക് ഒരു പെൺ കുട്ടിയുണ്ടായി

*Congratulations &*

*Best Wishes*

## Grandchildren are the Crown of the Aged
## Proverbs 17:6

**by: Leela Alexander**

Recently I saw the photograph of a colleague with his grandchild in his lap. He looked 25 years younger. The expression he had as an ex army officer has vanished from his face. It is replaced by a twinkle in his eyes and a sweet smile reserved only for his grandson. What a change! Yes there is nothing better than being a grandparent. In our case a few minutes we get to watch our grandchild on Skype are the happiest moments of the day. When the words 'appacha', 'ammachi' come from his baby lips we go to a bliss. After talking to our grandson we feel young again.

Grandchildren are God's way of compensating us for growing old (Mary H Waldrip). As parents we were busy trying to manage the household, help the children in their studies and do justice to our career. Finding time for showering love, appreciating every good thing they did, listening to their problems , sharing their small sorrows ,comforting them in their disappointments...was a task. Now that we do not have to worry about all the responsibilities that come with parenting we are enjoying being grandparents, a right we earned through Almighty's blessings. These little ones, are they not giving us a second chance to do things better? 'Few things are more delightful than grandchildren fighting over your lap' (Doug Larson).

Our parents, siblings, spouses and friends try to change us but these little ones accept us as ourselves. Think of our own grandparents with their wonderful blend of love, warm hugs, caring deeds, wonderful stories and the special cookies they used to make for us. We try to sing the hymns grandmother used to sing during the evening prayers .That brings a host of memories of her and we almost hear them as though she is singing with us. We were told to pray for very pressing problems at the time when the cock crows after midnight because Jesus Christ looked back and listened to Peter at that time. That simple faith given by grandmother still lingers in the heart.

Grandparents Day is celebrated in US on the first Sunday after Labour Day. For us there is no special day. Any day and all the days are good to remember them. If you are staying away, be grandparent or grandchild, talk to them, try to meet them and spend some time, it requires very little effort yet means so much .

May you see your children's children (Psalms 128:6).



**A 066**
**Tel.: 39459189**

Name: **ANISH JOSEPH VETTAKULATHU**
Address
In Bahrain: Flat 203. Bldg. 171, Road 326, Manama 302
In India: Vettakulathu Anish Villa,Vallikodu, Pathanamthitta, Kerala
Tel.: 0468-2352281
Area Unit: HEBRON



**B 103**
**Tel.: 33279933**

Name: **BINOY BABY**
Address
In Bahrain: Flat 11, Bldg. 3284, Road 2150, Gudaibiya 321
In India: Kottackal House, Athani P.O., Nedumbassery, Ernakulam Dist., Kerala
Tel.: 0484-2475473
Area Unit: CANA



**C 021**
**Tel.: 36599261**

Name: **CHERUB GEORGE**
Address
In Bahrain: Villa 982, Road 3119, New Zinj 331
In India: Cherukothu Bungalow, K.S. Mangalam P.O., Vaikom, Kottayam, Kerala 686608
Tel.: 9447876229
Area Unit: BETHEL



**E 047**
**Tel.: 33782719**

Name: **ELGEESH MARACHERRIYIL ELDHO**
Address
In Bahrain: Flat 32, Bldg. 946, Road 3325, Jeblat Hebsi 433
In India: Maracherriyil House, Oonnukal P.O., Uppukulam, Ernakulam, Kerala
Tel.: 0485-855643
Area Unit: SION

# NEW MEMBERS

| | |
|---|---|
|  | Name: **JACOB SAJU ELOOR**<br>Address<br>In Bahrain: Flat 33, Bldg. 959, Road 319, Manama 303<br>In India: Eloor House, Kolenchery P.O., Ernakulam Dist.,Kerala<br>Tel.: 0484 - 2764150<br>Area Unit: HEBRON |
| **J 096**<br>**Tel.: 39059169** | |
|  | Name: **LIJO K. SAJU**<br>Address<br>In Bahrain: Flat 24, Building 1140, Ras Ruman<br>In India: Kannanayakal House, Near Podupalam, Chelakkara P.O. Thrissur Dist., Kerala 680586<br>Tel.: 04884 - 251203<br>Area Unit: CANA |
| **L 020**<br>**Tel.: 33005231** | |
|  | Name: **RINTOMON THOMAS**<br>Address<br>In Bahrain: Flat 21, Bldg. 1138, Road 2113, Gudaibiya 321<br>In India: Kalathoor Thekkemuriyil House, Areepparampu P.O., Kottayam, Kerala 686501<br>Tel.: 0481-2701534<br>Area Unit: CANA |
| **R 059**<br>**Tel.: 34177151** | |
|  | Name: **SONEY SAJU ELOOR**<br>Address<br>In Bahrain: Flat 33, Bldg. 959, Road 319, Manama 303<br>In India: Eloor House, Kolenchery P.O., Ernakulam District, Kerala<br>Tel.: 0484-2764150<br>Area Unit: HEBRON |
| **S 129**<br>**Tel.: 39917909** | |

# NEW MEMBERS



**W 004**
**Tel.: 39560577**

Name: **WILSON THOMAS**
Address
In Bahrain: Flat 6, Bldg. 247, Manama 304
In India: Door No. 107, Pthadaka (H.O.), Khilampady Post & Village, Puttur Taluk, D.K. (Dist.)
Tel.: 0091-8251-259136
Area Unit: BETHSAIDA



പരിശുദ്ധ അന്തോഖ്യ സിംഹാസനത്തെ നിങ്ങൾ മറക്കരുത്, അത് നമ്മുടെ അമ്മ ആണ്, നമ്മുടെ ശക്തി ആണ്, പരിശുദ്ധ പത്രോസിന്റെ ശ്ലൈഹിക സിംഹാസനം കറ ഇല്ലാത്ത പൌരോഹ്യത്തിന്റെ ഉറവിടം, സത്യ വിശ്വാസത്തിന്റെ അടിസ്ഥാനം, കണ്ണിലെ കൃഷ്ണമണിപോലെ പരിശുദ്ധ സിംഹാസനത്തെ നിങ്ങൾ കരുതി അതിനെ അനുസരിച്ച് നടന്നു കൊള്ളണം,നിങ്ങളുടെ മക്കൾക്ക് അതിനെ അവകാശം അയി നല്കി കൊള്ളണം.. മോർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

## In Loving Memory of Mrs. Annamma Varghese Parayil

**Who passed away on 24th September, 2012**



*Inserted by:*
**Anson P. Isaac**
**& Family**